Draft #1 of File 9938/AC A1-3/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Feb-2021 03:15 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 9938/AC A1-3/2021/AC A 1 തീയതി: 15.02.2021

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- പത്താം ക്ലാസ് യോഗ്യതയുള്ളവർക്കായി പി.എസ്.സി നടത്തുന്ന പൊതു പ്രാഥമിക പരീക്ഷകൾക്കായി സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകൾ പരീക്ഷാ കേന്ദ്രങ്ങളായി അനുവദിച്ചുനൽകുന്നത് സംബന്ധിച്ച്

സൂചന :- 1. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച കത്ത് നം.കെ3/17/2021/ഉ.വി.വ തീയതി 20.01.2021

2. സർക്കാർ ഉത്തരവ് (സാധാ)നം.213/2021/ഉ.വി.വ തീയതി 04.02.2021

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ പത്താം ക്ലാസ് യോഗ്യത നിശ്ചയിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് , ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തുടങ്ങിയ തസ്തികകൾക്കായി സംസ്ഥാനത്ത് ആകെ 14 ജില്ലകളിലായി അപേക്ഷിച്ചിട്ടുള്ള 16 ലക്ഷം ഉദ്യോഗാർത്ഥികൾക്കായി പൊതു പ്രാഥമിക പരീക്ഷ ഫെബ്രുവരി 20 (ശനി),ഫെബ്രുവരി 25 (വ്യാഴം),മാർച്ച് 6 (ശനി), മാർച്ച് 13 (ശനി) എന്നീ ദിവസങ്ങളിൽ ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പി.എസ്.സി പരീക്ഷകളുടെ സുഗമമായ നടത്തിപ്പിന് പി.എസ്.സി ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ കോളേജുകൾ, എയ്ഡഡ് കോളേജുകൾ , അൺ എയ്ഡഡ് കോളേജുകൾഎന്നിവ പി.എസ്.സി പരീക്ഷാ കേന്ദ്രങ്ങളാക്കുന്നതിനുള്ള അനുമതിയും എല്ലാ തരത്തിലുള്ള ക്രമീകരണങ്ങളും പൂർണ്ണമായ സഹകരണവും നൽകുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സർവ്വകലാശാലയോട് നിർദ്ദേശിച്ചിരിക്കുന്നു.

ആയതിനാൽ സർവ്വകലാശാലയുടെ കീഴിലുള്ള സർക്കാർ കോളേജുകൾ, എയ്ഡഡ് കോളേജുകൾ, അൺ എയ്ഡഡ് കോളേജുകൾ എന്നിവ പി.എസ്.സി പരീക്ഷാ കേന്ദ്രങ്ങളാക്കി വിട്ടു നല്കുകയും ആയതിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും പൂർണ്ണമായ സഹകരണവും നൽകുകയും ചെയ്യണമെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികളോട് ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

**കാഞ്ചന എൻ നായർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

ഉള്ളടക്കം

സർക്കാർ ഉത്തരവ് (സാധാ)നം.213/2021/ഉ.വി.വ തീയതി 04.02.2021

Draft #1 of File 9938/AC A1-3/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Feb-2021 03:15 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

'ഭരണഭാഷ – മാതൃഭാഷ'  File No: H.Edn-K3/17/2021/H.Edn

# കേരള സർക്കാർ

## സംഗ്രഹം

ഉന്നതവിദ്യാഭ്യാസവകുപ്പ് – പത്താം ക്ലാസ് യോഗ്യതയുള്ളവർക്കായി പി.എസ്.സി നടത്തുന്ന പൊതു പ്രാഥമിക പരീക്ഷകൾക്കായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകൾ എന്നിവ പരീക്ഷാ കേന്ദ്രങ്ങളായി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

**സ.ഉ. (സാധാ)നം.213/2021/ഉ.വി.വ**  **തീയതി, തിരുവനന്തപുരം, 04-02-2021**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം :-
1. സ.ഉ (അച്ചടി)നം.2/2020/ഉ.ഭ.പ.വ തീയതി 13-01-2020.
2. 29-01-2021-ലെ കെ3/17/2021/ഉ.വി.വ നമ്പർ സർക്കാർ കത്ത്.
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 27-01-2021-ലെ EFA(2)/436/2021/EW നമ്പർ കത്ത്.

## ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പത്താം ക്ലാസ് യോഗ്യത നിശ്ചയിച്ചിട്ടുള്ള വിവിധ തസ്തികകളിലേക്കുള്ള പൊതു പ്രാഥമിക പരീക്ഷ 2021 ഫെബ്രുവരി 20 (ശനി), ഫെബ്രുവരി 25 (വ്യാഴം), മാർച്ച് 6 (ശനി), മാർച്ച് 13 (ശനി) എന്നീ ദിവസങ്ങളിൽ ഉച്ചയ്ക്ക് 01.30 മുതൽ 03.15 വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും ഏകദേശം 4 ലക്ഷം ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതുവാൻ ഉണ്ടാകുമെന്നും ആയതിനാൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകൾ എന്നിവ പരീക്ഷാ കേന്ദ്രങ്ങൾക്കായി വിട്ടു നൽകണമെന്നും, അപ്രകാരം പരീക്ഷാകേന്ദ്രങ്ങളായി വിട്ടുനൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള കോളേജുകൾക്ക് പരീക്ഷാ ദിവസങ്ങളിൽ ഉച്ചയ്ക്ക് ശേഷം 12 മണി മുതൽ അവധി നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകദേശം 4 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ വിവിധ ഘട്ടങ്ങളിലായി (20-02-2021, 25-02-2021, 06-03-2021, 13-03-2021 എന്നീ

(മറുപുറം കാണുക)

തീയതികളിൽ) പങ്കെടുക്കുന്ന പി.എസ്.സി നടത്തുന്ന ഈ പൊതു പ്രാഥമിക പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസവകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്/ സർവ്വകലാശാലകൾ/ലോ കോളേജുകൾ എന്നിവയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളും പരീക്ഷാ കേന്ദ്രങ്ങളായി വിട്ടു നൽകിയും പ്രസ്തുത സ്ഥാപനങ്ങൾക്ക് പരീക്ഷാ ദിവസങ്ങളിൽ ഉച്ചയ്ക്ക് 12 മണിമുതൽ അവധി നൽകിയും ഇതിനാൽ ഉത്തരവാകുന്നു. ആയതിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/സ്ഥാപന മേധാവികൾ നിർവ്വഹിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**തരുൺലാൽ. എസ്.**
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തുളസി ഹിൽ, പട്ടം, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
5. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
6. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം